"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന കിംസ് കോളേജ് ഓഫ് നഴ്സിംഗിൽ ബി.എസ്.സി നഴ്സിംഗ് സീറ്റുകളുടെ എണ്ണം 120 ആയി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.429/2025/H&FWD തീയതി,തിരുവനന്തപുരം, 18-12-2025

---

പരാമർശം:- 1. സ.ഉ.(പി) നം. 64/2012/H&FWD തീയതി 17.02.2012

2. കിംസ് കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ സമർപ്പിച്ച 11.08.2025 തീയതിയിലെ അപേക്ഷ

3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 29.10.2025 തീയതിയിലെ DME/6108/2025-84 ബി4 നമ്പർ കത്തിനൊപ്പം സമർപ്പിച്ച പരിശോധനാ റിപ്പോർട്ട്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ കിംസ് ആശുപത്രി മാതൃ ആശുപത്രിയായി, ചെമ്പകമംഗലത്ത് പ്രവർത്തിക്കുന്ന കിംസ് കോളേജ് ഓഫ് നഴ്സിംഗിലെ ബി.എസ്.സി നഴ്സിംഗ് സീറ്റുകളുടെ എണ്ണം 100-ൽ നിന്നും വർദ്ധിപ്പിക്കുന്നതിന് കിംസ് കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥ പ്രകാരം സ്ഥാപനത്തിൽ പരിശോധന നടത്തി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച പരിശോധന റിപ്പോർട്ടിൽ, സീറ്റുകളുടെ എണ്ണം 120 ആയി വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ ഭൗതിക, ക്ലിനിക്കൽ സൗകര്യങ്ങൾ ലഭ്യമാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകളിലെ 'അഡ്മിഷൻ മാനദണ്ഡങ്ങൾ', 'ഫീസ് ഘടന' എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊള്ളാം എന്ന സത്യവാങ്മൂലം അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലയിൽ കിംസ് ആശുപത്രി മാതൃ ആശുപത്രിയായി, കോരാണി ചെമ്പകമംഗലത്ത് പ്രവർത്തിക്കുന്ന കിംസ് കോളേജ് ഓഫ് നഴ്സിംഗിൽ ബി.എസ്.സി നഴ്സിംഗ് സീറ്റുകളുടെ എണ്ണം 100-ൽ നിന്നും 120 ആയി, 2026-27 അധ്യയന വർഷം പ്രാബല്യത്തിൽ, ഉയർത്തിക്കൊണ്ട് ചുവടെ ചേർക്കുന്ന നിബന്ധനകളോടെ, നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുന്നു.

(I) സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകളിലെ 'അഡ്മിഷൻ മാനദണ്ഡങ്ങൾ', 'ഫീസ് ഘടന' എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

ii) ബി.എസ്.സി (നേഴ്സിംഗ്) സീറ്റുകൾ സർക്കാർ മെറിറ്റ്/മാനേജ്മെന്റ് എന്നിങ്ങനെ വിഭജിച്ചുകൊണ്ട് ഓരോ അധ്യയന വർഷവും സർക്കാർ പുറപ്പെടുവിക്കുന്ന 'സീറ്റ് മെട്രിക്സ്" അനുസരിച്ച് മാത്രമേ അഡ്മിഷൻ നടത്താൻ പാടുള്ളു.

iii) ബി.എസ്.സി നഴ്സിംഗ് കരിക്കുലം, നേഴ്സിംഗ് കോളേജിന് ഉണ്ടായിരിക്കേണ്ട നിലവാരം എന്നിവ സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

iv) പരാമർശം (3) ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിബന്ധനകളും, നേഴ്സിംഗ് കോളേജുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന കൗൺസിൽ/കേരള ആരോഗ്യ സർവ്വകലാശാല പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ/റഗുലേഷനുകൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

v) പരാമർശം (3) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന നേഴ്സിംഗ് കൗൺസിൽ അംഗീകാരം, ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate), കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല അഫിലിയേഷൻ എന്നിവ ക്രമത്തിൽ കോഴ്സ് ആരംഭിക്കുന്നതിന് മുൻപ് നേടേണ്ടതാണ്. ആയതിന് ശേഷം മാത്രമെ 2026-27 അധ്യയന വർഷം മുതൽ വിദ്യാർത്ഥി പ്രവേശനം നടത്താൻ സാധിക്കുകയുള്ളു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, കിംസ് കോളേജ് ഓഫ് നഴ്സിംഗ്, ചെമ്പകമംഗലം, തിരുവനന്തപുരം
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, എൻ.ബി.സി.സി സെന്റർ, പ്ലോട്ട് നം. 2, കമ്മ്യൂണിറ്റി സെന്റർ, ഓഖല ഫേസ്-1, ന്യൂഡൽഹി-110020.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം രജിസ്ട്രാർ, കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ (C3/237/2025-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 18-12-2025 15:27:34
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്